**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ട്രിഡ - പാളയം വികസന പദ്ധതി നടപ്പിലാക്കുന്നതിനായി ട്രിഡ അക്വയർ ചെയ്ത കടയിൽ വാടകക്കാരിയായിരുന്ന ശ്രീമതി കല്യാണിനായരുടെ പേരിലുള്ള വാടകകുടിശ്ശിക എഴുതി തള്ളുന്നത് - അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം. 3147/2018/തസ്വഭവ. തിരുവനന്തപുരം, തീയതി: 14/12/2018**

---

പരാമർശം:- ട്രിഡ സെക്രട്ടറിയുടെ 27/05/2017 ലെ ആർ3-974/1999 ട്രിഡ നം. കത്ത്

**ഉത്തരവ്**

പാളയം വികസന പദ്ധതി നടപ്പിലാക്കുന്നതിലേക്കായി ട്രിഡ അക്വയർ ചെയ്ത റ്റി.സി. 14/1881 -ാം നമ്പർ കടയിൽ 01/12/1992 ലെ കരാർ പ്രകാരം കച്ചവടം നടത്തി വരികയായിരുന്ന ശ്രീമതി കല്യാണി നായർ വാടകകുടിശ്ശിക വരുത്തിയതിനാൽ ടിയാളെ 05/06/1999 ൽ ഒഴിപ്പിക്കുകയും 11/94 മുതൽ 05/06/1999 വരെയുള്ള വാടകകുടിശ്ശികയായ 26,970/- രൂപയും 30.09.2000 വരെയുള്ള പലിശയായ 8,629/- രൂപയും എവിക്ഷൻ ചാർജ്ജായ 670/- രൂപയും ഉൾപ്പെടെ ആകെ 36,269/- രൂപ ഈടാക്കുന്നതിനായി റവന്യൂ റിക്കവറി സ്വീകരിക്കുകയും ചെയ്തിരുന്നുവെന്നും എന്നാൽ അന്വേഷണത്തിൽ ടിയാളുടെ മേൽവിലാസം ലഭ്യമല്ലാത്തതിനാൽ റവന്യൂ റിക്കവറി സർട്ടിഫിക്കറ്റ് 17/12/2010 ൽ ജില്ലാ കളക്ടർക്ക് മടക്കി അയച്ചിട്ടുള്ളതായും. ടിയാളെ TC 14/1881 -ാം നമ്പർ കടയിൽ നിന്നും 05/06/1999 ൽ ഒഴിപ്പിച്ചതിനാൽ പുനഃരധിവാസം നല്കേണ്ടതില്ല എന്നതിനാലും ടിയാളുടെ കുടിശ്ശിക എഴുതിതള്ളുവാൻ സർക്കാർ അനുമതി നല്കി ഉത്തരവാകണമെന്ന് പരാമർശം (1) ലെ കത്ത് പ്രകാരം ട്രിഡ സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി കല്യാണിനായർക്ക് പുനഃരധിവാസം നല്കേണ്ടതില്ലായെന്ന് ഉറപ്പ് വരുത്തി ടിയാളുടെ പേരിൽ 11/94 മുതൽ 05/06/1999 വരെയുള്ള വാടകകുടിശ്ശികയായ 26,970/- രൂപയും 30/09/2000 വരെയുള്ള പലിശയായ 8,629/- രൂപയും എവിക്ഷൻ ചാർജ്ജായ 670/- രൂപയും ഉൾപ്പെടെ ആകെ 36,269/- രൂപ എഴുതിതള്ളുന്നതിന് ട്രിഡ സെക്രട്ടറിക്ക് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**

**മിനി എം.ആർ.**
**അണ്ടർ സെക്രട്ടറി**

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി , തിരുവനന്തപുരം
ജില്ലാ കളക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

**അംഗീകാരത്തോടെ**

**സെക്ഷൻ ഓഫീസർ**